കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഏരുവേശ്ശി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.4/105/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയതി : 12.06.2020.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)
ഏരുവേശ്ശി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം: ഏരുവേശ്ശി ഗ്രാമ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

---------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏരുവേശ്ശി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15.

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക].

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസിൽ)

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ. (ഇ മെയിൽ)

3. കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി.4/105/2020.

തീയതി: 12.06.2020.

## കണ്ണൂർ ജില്ലയിലെ ഏരുവേശ്ശി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

## ആമുഖം

കണ്ണൂർ ജില്ലയിലെ ഏരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 09.03.2019 മുതൽ 05.01.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ

അടിസ്ഥാനത്തിൽ മറ്റൊരു ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ശശികുമാർ എം.പി.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06.01.2020 മുതൽ 18.01.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1.ശ്രീമതി.രമണി കിഴക്കീൽ,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | 2.ശ്രീ.ഷഹീൻ.പി ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | 3.ശ്രീ.ആൽബർട്ട് ജോസ്,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | 4.ശ്രീമതി ബിസ്മി എസ് നായർ,<br>ഓഡിറ്റർ (17.01.2020 വരെ) |

(ബി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | അഡ്വ.സെബാസ്റ്റ്യൻജോസഫ് | 01.04.2018 മുതൽ<br>31.03.2019 വരെ |
| സെക്രട്ടറി | ശ്രീ .രാജേഷ്.കെ.കെ. | 01.04.2018 മുതൽ<br>31-03-2019 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.പ്രജിത പ്രകാശ് | 01.04.2018 മുതൽ<br>31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.അനിൽകുമാർ.പി.വി | 01.04.2018 മുതൽ<br>31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ.അരുൺ ജേക്കബ് | 01.04.2018 മുതൽ<br>18.04.2018 വരെ |
| | | |

| | | |
|---|---|---|
| | ഡോ.അജയ് ലോറൻസ് | 19.04.2018 മുതൽ 10.05.2018 വരെ |
| | ഡോ.അജിത്കൃഷ്ണൻ.കെ.ബി. | 11.05.2018 മുതൽ 05.06.2018 വരെ |
| | ഡോ.മനു ശേഖർ | 06.06.2018 മുതൽ 12.09.2018 വരെ |
| | ഡോ.നീതു.പി | 13.09.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. | ശ്രീബിജു.കെ.പി. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. സജീവൻ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. പുരുഷോത്തമൻ.സി | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.അരുൺ രേണുക ദേവി | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ ഗവ.യു.പി.എസ്. | ശ്രീമതി.മോളി.എ.ജെ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.രാഖി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.നിഷാന | 01.04.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം - 1 പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| | | |

| | | |
|---|---|---|
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-11 |
| 12 | വസ്തു നികുതി – അപാകങ്ങൾ | 1-12 |
| 13 | തൊഴിൽ നികുതി അപാകങ്ങൾ | 1-13 |
| 14 | എഫ് ടി ഇ &ഒ എസ് ലൈസൻസ്-അപാകങ്ങൾ | 1-14 |
| 15 | രജിസ്ട്രേഷൻ ഇല്ലാതെ സ്വകാര്യ ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിക്കുന്നു | 1-15 |
| 16 | കുമ്മായം വിതരണം പദ്ധതി- അപാകങ്ങൾ-2,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-16 |
| 17 | വാഴക്കന്ന് വിതരണ പദ്ധതി-അപാകങ്ങൾ- 2,700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 18 | വൃദ്ധർക്ക് കട്ടിൽ വിതരണം (എസ് സി) വിതരണ രേഖകൾ ലഭ്യമായില്ല. ചെലവ് തുക 8,700/- രൂപ തടസ്സപ്പെടുത്തുന്നു. | 1-18 |
| 19 | പാലിയേറ്റീവ് പരിചരണം ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചില്ല. | 1-19 |
| 20 | പാലിയേറ്റീവ് കെയർ പദ്ധതിഃ- മരുന്നുകൾ മുഴുവൻ ലഭ്യമായില്ല | 1-20 |
| 21 | മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയില്ല | 1-21 |
| 22 | പുറഞ്ഞാൺ ഹൈവെ മൂലക്കൽറോഡ് ടാറിംഗ് ₹1703 അധികം നൽകി | 1-22 |
| | ഭാഗം - 2 വരവ് വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ – ചാർജ്ജ് ചെയ്യാവുന്നവ<br>ഇല്ല. | |
| | ഭാഗം - 3 ചെലവ് വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ സർചാർജ്ജ് ചെയ്യാവുന്നവ<br>ഇല്ല | |
| ഭാഗം - 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |

| | | |
|---|---|---|
| 23 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 24 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 25 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 27 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 28 | സ്ഥിര നിക്ഷേപം | 4-6 |
| 29 | ഓഡിറ്റ് റിക്കവറി | 4-7 |
| 30 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 31 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 32 | സംക്ഷിപ്ത വിവരം | 4-10 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 34 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 39 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 40 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 41 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 27.03.2018ലെ 01/18 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 04.02.2019ലെ 01/19 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 70,83,018 |
| വരവ് | 14,10,43,000 |
| ആകെ | 14,81,26,018 |
| ചെലവ് | 14,52,35,800 |
| | |

| | |
|---|---|
| നീക്കിയിരിപ്പ് | 28,90,218 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2019 | 17.05.2019 | തിരിച്ചയച്ചിട്ടില്ല. |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,62,44,884 |
| വരവ് | 7,25,15,812 |
| ആകെ | 8,87,60,696 |
| ചെലവ് | 6,56,54,640 |
| നീക്കിയിരിപ്പ് | 2,31,06,056 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,45,04,046 | 1,45,04,046 | 1,28,28,036 | 16,76,010 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 6,92,000 | 6,92,000 | 6,82,597 | 9,403 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 24,59,000 | 24,59,000 | 22,52,500 | 2,06,500 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 98,85,000 | 98,85,000 | 98,55,548 | 29,452 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 31,53,000 | 31,53,000 | 27,29,626 | 4,23,374 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 85,92,992 | 85,92,992 | 59,72,209 | 26,20,783 |
| സാക്ഷരത | | 91,083 | 3,231 | 94,314 | 0 | 94,314 |
| ദുരിതാശ്വാസനിധി | | 22,717 | 5,383 | 28,100 | 0 | 28,100 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 1,70,69,149 | 1,70,69,149 | 1,70,60,149 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1,449 | 7,04,916 | 7,06,365 | 7,04,238 | 2,117 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ്. സെൻട്രൽഷെയർ | | 13,26,875 | 5,55,700 | 18,82,575 | 4,11,777 | 14,70,798 |
| ടോട്ടൽ സാനിറ്റേഷൻ | | 0 | 3,16,000 | 3,16,000 | 0 | 3,16,000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ബി. ഫണ്ട് | | 0 | 1,84,320 | 1,84,320 | 1,84,320 | 0 |
| വിമുക്തി | | 32,430 | 25,000 | 57,430 | 21,046 | 36,384 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 5,94,280 | 11,13,117 | 17,07,397 | 12,90,117 | 4,17,280 |
| | ജില്ലാ പഞ്ചായത്ത് | 49,76,307 | 16,96,340 | 66,72,647 | 15,68,645 | 51,04,002 |
| തനത് ഫണ്ട്* | ബാങ്ക് അക്കൗണ്ട് | | | | | |
| | ട്രഷറി അക്കൗണ്ട് | | | | | |

* പ്രത്യേകമായി എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിവരം ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

* ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ 81,12,714/- രൂപ വരവുണ്ട്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 157 | 7,34,94,290 | 130 | 50,0,59,400 | 105 | 25 | 27 | 66.87 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി കളുടെ എണ്ണം | നടപ്പിലാ ക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 18 | 16 | 39,95,480 | 32,26,567 | 80.76 |
| 2 | അസി.എഞ്ചിനീയർ | 75 | 57 | 3,36,99,658 | 1,98,05,538 | 58.77 |
| 3 | കൃഷി ഓഫീസർ | 12 | 12 | 39,45,433 | 24,55,003 | 62.22 |
| 4 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 12 | 11 | 17,33,039 | 12,18,839 | 70.33 |
| 5 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 1,50,000 | 1,50,000 | 100 |
| 6 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 4,00,000 | 4,00,000 | 100 |
| 7 | വെറ്റിനറി സർജൻ | 1 | 1 | 1,00,000 | 1,00,000 | 100 |
| 8 | വി.ഇ.ഒ. | 12 | 9 | 1,94,38,950 | 1,42,98,890 | 73.56 |
| 9 | ഐസിഡിഎസ് സൂപ്പർവൈസർ | 9 | 9 | 50,12,800 | 43,20,389 | 86.19 |
| 10 | അസി.സെക്രട്ടറി | 9 | 8 | 17,85,500 | 14,03,424 | 78.60 |
| 11 | ഹെഡ് മാസ്റ്റർ | 6 | 4 | 17,33,430 | 12,80,750 | 73.89 |
| 12 | ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 15,00,000 | 14,00,000 | 93.33 |
| ആകെ | | 157 | 130 | 7,34,94,290 | 5,00,59,400 | |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

നടപ്പു വർഷത്തിൽ അംഗീകാരം ലഭിച്ച 157 പ്രോജക്ടുകളിൽ 130 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ 105 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. വികസന ഫണ്ട് (ജനറൽ) 88.44%വും, എസ്.സി.പി. 98.64 %വും, ടി.എസ്.പി. 91.6%വും, മെയിന്റനൻസ് ഫണ്ട് (റോഡ്) 86.57%വും, നോൺ റോഡ് 99.75%വും ചെലവഴിച്ചിട്ടുണ്ട്.

ഗ്രാമ സഭ

പഞ്ചായത്തിൽ ആകെ 14 വാർഡുകളാണ് ഉള്ളത്. ഒരു വികലാംഗ ഗ്രാമസഭ ഉൾപ്പെടെ 4 പ്രാവശ്യം ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. പദ്ധതി ആസൂത്രണം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, പദ്ധതി അവലോകനം എന്നിവയാണ് പ്രധാന ചർച്ചാ വിഷയം.

വർക്കിംഗ് ഗ്രൂപ്പുകൾ

വിവിധ വിഷയങ്ങളിലായി 14 വർക്കിംഗ് ഗ്രൂപ്പുകളാണ് നിലവിലുള്ളത്. നടപ്പ് വർഷത്തെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗ മിനുട്സിൽ ചർച്ചകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ കൺവീനർ സാക്ഷ്യപ്പെടുത്താത്തവയും ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

മോണിറ്ററിംഗ് നടത്തുന്നില്ല

വർക്കിംഗ് ഗ്രൂപ്പുകളിൽ വെച്ച് പദ്ധതി നിർദേശങ്ങൾ ചർച്ച ചെയ്യുന്നുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുന്നില്ല എന്നത് പദ്ധതി നടത്തിപ്പിലെ പോരായ്മയാണ്. മോണിറ്ററിംഗ് ഫലപ്രദമാക്കുവാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

# 1-6 തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,449 | 7,04,916 | 7,06,365 | 7,04,248 | 2,117 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,70,69,149 | 1,70,69,149 | 1,70,69,149 | 0 |
| ആകെ | 1,449 | 1,77,65,065 | 1,77,66,514 | 1,77,73,397 | 2,117 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 94,320 | 66 |
| കർഷകതൊഴിലാളി പെൻഷൻ | 33,32,400 | 279 |
| വിധവാ പെൻഷൻ | 64,83,000 | 562 |
| വാർദ്ധക്യകാല പെൻഷൻ | 2,17,77,700 | 1972 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 30,14,700 | 256 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള | 3,29,000 | 28 |

| | | |
|---|---|---|
| അവിവാഹിതകൾക്കുള്ള പെൻഷൻ | | |
| വിവാഹ ധനസഹായം | 90,000 | 3 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.01.2020 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15,339/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമാണ്. ജീവനക്കാരുടെ ജോലികൾ ഓഫീസ് ഉത്തരവ് പ്രകാരം വിഭജിച്ചു നൽകുകയും കാലാകാലങ്ങളിൽ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. തൻവർഷം സ്റ്റാഫ് മീറ്റിംഗുകൾ 10 തവണയാണ് ചേർന്നിട്ടുള്ളത്. വസ്തു നികുതി പ്യൂരിഫിക്കേഷൻ, ഫ്രണ്ട് ഓഫീസ് പ്രവർത്തനം, നികുതി പിരിവ് എന്നിവ സംബന്ധിച്ച് ജീവനക്കാർക്ക് വേണ്ട നിർദേശങ്ങൾ നൽകുകയും ഓഫീസ് പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിംഗുകൾ എല്ലാ മാസവും വിളിച്ചു ചേർക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.11.2019 | 01.10.2019മുതൽ 31.10.2019 വരെ | 25.11.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.01.2016 മുതൽ 16.01.2016 വരെ | 2014-15 | 20.02.2016 |

# 1-11 വാർഷിക കണക്കിലെ അപാകങ്ങൾ

വാർഷിക കണക്കിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് (ജനറൽ) ചെലവ് 1,28,34,990/- രൂപയാണ്. എന്നാൽ ആർ.പി. 7 പ്രകാരം ഈ ഇനത്തിലുള്ള വരവായി കാണിച്ചിരിക്കുന്നത് 1,28,28,036/- ആണ്. (പ്രോജക്ട് നം. 192/19 പ്രകാരം സർക്കാർ ഈടാക്കിയിരിക്കുന്ന 954/- രൂപ കഴിച്ച് 6,000/- രൂപയുടെ വ്യത്യാസം കാണുന്നു).

2. വാർഷിക ധനകാര്യ പത്രികയിലെ വസ്തു നികുതി ഇനത്തിലെ ഡിമാന്റ് കലക്ഷൻ തുകകൾ പൊരുത്തപ്പെടുന്നില്ല.

3. വസ്തു നികുതി സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഡിമാന്റ് കലക്ഷൻ ബാലൻസ് തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

# 1-12 വസ്തു നികുതി അപാകങ്ങൾ

2018-19 വർഷത്തെ ന്യൂ ബിൽഡിംഗ് രജിസ്റ്റർ, അനുബന്ധ ഫയലുകൾ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

(1)

| | |
|---|---|
| കെട്ടിട ഉടമ | കൈരപ്രവൻ കണ്ണോത്ത് ബാലകൃഷ്ണൻ നമ്പ്യാർ |
| കെട്ടിട നമ്പർ | EP V-302A |
| കെട്ടിടത്തിന്റെ തരം | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം |
| പെർമിറ്റ്, ആപ്ലിക്കേഷൻ നം., തിയ്യതി | A4-2022/2018/07.04.2018 |
| പെർമിറ്റ് നം.തിയ്യതി | A4-BA(78641)2018/25.04.2018 (ജനറൽ ബിൽഡിംഗ് പെർമിറ്റ്) |

33.24 ച.മീ വിസ്തീർണ്ണമുള്ള മേൽ കെട്ടിടത്തിന് 167/- രൂപ പെർമിറ്റ് ഫീ ഈടാക്കി 25.04.2018 ന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട് (ജനറൽ ബിൽഡിംഗ് പെർമിറ്റ്). എന്നാൽ 17.04.2018ലെ എൽ.എസ്.ജി.ഡി.ഓവർസിയറുടെ റിപ്പോർട്ട്, 18.04.2018ലെ സീനിയർ ക്ലർക്ക്, എച്ച്.സി. എന്നിവരുടെ ശുപാർശ എന്നിവ പ്രകാരം കെട്ടിടം റെഗുലറൈസ് ചെയ്ത് പെർമിറ്റ് അനുവദിക്കാം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. 18.04.2018 ന് സെക്രട്ടറി ഇത് അംഗീകരിച്ചിട്ടുമുണ്ട്. എന്നാൽ 25.04.2018 ന് പെർമിറ്റ് അനുവദിച്ചപ്പോൾ റെഗുലറൈസേഷൻ നടത്തിയിട്ടില്ല. ജനറൽ പെർമിറ്റ് ആണ് അനുവദിച്ചിട്ടുള്ളത്. പെർമിറ്റ് ഫീ യുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വിസ്തീർണ്ണം (ച.മീ.) | ഈടാക്കിയ ഫീ (₹)/ രസീത് നം./തിയ്യതി | ഈടാക്കേണ്ടിയിരുന്ന ഫീ (₹) | കുറവ് (₹) |
|---|---|---|---|
| 33.24 | 167/- | 332 | 165 |

| | | | |
|---|---|---|---|
| | 118060100155<br>25.04.2018 | | |

റെഗുലറൈസേഷൻ ഫീ ഈടാക്കി റെഗുലറൈസേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

(2)

| | |
|---|---|
| കെട്ടിട ഉടമ | വികാരി, റോമൻ ക്രിസ്ത്യൻ പള്ളി, നെല്ലിക്കുറ്റി |
| കെട്ടിട നമ്പർ | EP IV-175C |
| കെട്ടിടത്തിന്റെ തരം | വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടം |
| പെർമിറ്റ് നം.തിയ്യതി | 44/17-18/19.07.2017 |
| നമ്പറിംഗ് തിയ്യതി | 31.10.2018 |

44/17-18/19.07.2017 പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം 182.7 ച.മീ.ആണ്. എന്നാൽ കെട്ടിട ഉടമ നമ്പറിംഗിനായി സമർപ്പിച്ച നികുതി നിർണ്ണയ റിട്ടേൺ, കംപ്ലീഷൻ പ്ലാൻ എന്നിവ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം 194.6 ച.മീ. ആണ്. നികുതി നിർണ്ണയം നടത്തിയിട്ടുള്ളതും 194.6 ച.മീ ആണ്. പെർമിറ്റിലുള്ളതിന് അധികമായി നിർമ്മാണം പൂർത്തിയാക്കിയ 11.9 ച.മീ. റെഗുലറൈസ് ചെയ്യേണ്ടതാണെന്ന് 17.10.2018 ലെ ക്ലർക്കിന്റെ റിപ്പോർട്ടിൽ പറയുന്നു. എന്നാൽ റെഗുലറൈസേഷൻ നടത്തുകയോ ഫീ ഒടുക്കുകയോ ചെയ്തിട്ടില്ല. റെഗുലറൈസേഷൻ ഫീ ഈടാക്കി റെഗുലറൈസേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

(3)

| | |
|---|---|
| കെട്ടിട ഉടമ | സെക്രട്ടറി, ഡി.റ്റി.പി.സി. |
| കെട്ടിട നമ്പർ | EP I-396B |
| കെട്ടിടത്തിന്റെ തരം | വാണിജ്യാവശ്യം |
| നമ്പറിംഗ് തിയ്യതി | 02.06.2018 |

02.06.2018ലെ എൽ.എസ്.ജി.ഡി.ഓവർസിയറുടെ റിപ്പോർട്ടിൽ മേൽപ്പറഞ്ഞ കെട്ടിടം റെഗുലറൈസ് ചെയ്ത് ഓണർഷിപ്പ് നൽകാം എന്ന പറയുന്നു. എന്നാൽ കെട്ടിടം റെഗുലറൈസ് ചെയ്തതായോ റെഗുലറൈസേഷൻ ഫീ ഈടാക്കുകയോ ചെയ്തിട്ടില്ല.സഞ്ചയ സോഫ്റ്റ് വെയർ സ്റ്റേറ്റ്മെന്റിലും പെർമിറ്റ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. റെഗുലറൈസേഷൻ ഫീ ഈടാക്കി റെഗുലറൈസേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

(4)

| | |
|---|---|
| കെട്ടിട ഉടമ | കുരിക്കളകത്ത് അബ്ദുൾ സത്താർ |
| കെട്ടിട നമ്പർ | EP IX-318B, 318C, 318D, 318E |
| കെട്ടിടത്തിന്റെ തരം | ലോഡ്ജ് |
| പെർമിറ്റ് നം.തിയ്യതി | 8/16-17/05.05.2016 |

(എ) പെർമിറ്റ് നം.8/16-17/05-05-2016 പ്രകാരം മേൽ കെട്ടിടം 218 ച.മീ.ഉള്ള "single family residence" വിഭാഗത്തിലുള്ള കെട്ടിടമാണ്. എന്നാൽ 28-11-2018 ന് കെട്ടിട ഉടമ സമർപ്പിച്ച നമ്പറിംഗിനായുള്ള അപേക്ഷ പ്രകാരം മേൽ കെട്ടിടം 228 ച.മീ. വിസ്തീർണ്ണമുള്ള ലോഡ്ജ് ആണ്. ഈ രീതിയിൽ നികുതി നിർണ്ണയം നടത്തി 01.01.2019 ന് നമ്പർ നൽകിയിട്ടുണ്ട്. ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതിനുള്ള അപേക്ഷ നൽകിയതായി കാണുന്നില്ല. കെട്ടിടം റെഗുലറൈസ് ചെയ്യുകയോ റെഗുലറൈസേഷൻ ഫീ ഈടാക്കുകയോ ചെയ്തിട്ടില്ല.

(ബി) പെർമിറ്റിൽ അനുവദിച്ചതിനേക്കാൾ 10 ച.മീ. കൂടുതലായി നിർമ്മാണം നടത്തിയിട്ടുണ്ടെങ്കിലും റെഗുലറൈസേഷൻ നടത്തിയിട്ടില്ല.
റെഗുലറൈസേഷൻ ഫീ ഈടാക്കി റെഗുലറൈസേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

(5)

| | |
|---|---|
| കെട്ടിട ഉടമ | തുറുവയ്ക്കൽ മറിയാമ്മ മാത്യു |
| കെട്ടിട നമ്പർ | VI -328 A, 328 B |
| കെട്ടിടത്തിന്റെ തരം | VI -328 A -പാർപ്പിടാവശ്യം, 328 B-ലോഡ്ജ് |
| പെർമിറ്റ് നം.തിയ്യതി | 67/15-16/27.10.2015 |
| നമ്പറിംഗ് തിയ്യതി | 24.05.2018 |

(എ) പെർമിറ്റ് നം.67/15-16/27.10.2015 പ്രകാരം മേൽ കെട്ടിടം 271.64 ച.മീ. വിസ്തീർണ്ണത്തിലുള്ള (G.F-144.18,F.F-110.06,Porch-17.4) “single family residence” വിഭാഗത്തിലുള്ള കെട്ടിടമാണ്. എന്നാൽ 24.04.2018 ന് കെട്ടിട ഉടമ സമർപ്പിച്ച നമ്പറിംഗിനായുള്ള അപേക്ഷ, കംപ്ലീഷൻ പ്ലാൻ എന്നിവ പ്രകാരം മേൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം 359.1 ച.മീ ആണ് (G.F.-165,F.F.-133.28,Porch-60.820). ഇതിൽ 133.28 ച.മീ. വിസ്തീർണ്ണത്തിലുള്ള ഒന്നാം നില ലോഡ്ജ് ആയി കണക്കാക്കിയാണ് വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നത്. ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതിനുള്ള അപേക്ഷ നൽകിയിട്ടില്ല. കെട്ടിടം റെഗുലറൈസ് ചെയ്യുകയോ റെഗുലറൈസേഷൻ ഫീ ഈടാക്കുകയോ ചെയ്തിട്ടില്ല.

(ബി) പെർമിറ്റിൽ അനുവദിച്ചതിനേക്കാൾ കൂടുതലായി നിർമ്മാണം നടത്തിയിട്ടുണ്ടെങ്കിലും റെഗുലറൈസേഷൻ നടത്തിയിട്ടില്ല.
റെഗുലറൈസേഷൻ ഫീ ഈടാക്കി റെഗുലറൈസേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

(6)

| | |
|---|---|
| കെട്ടിട ഉടമ | വികാരി, റോമൻ ക്രിസ്ത്യൻ പള്ളി, നെല്ലിക്കുറ്റി |
| കെട്ടിട നമ്പർ | EP IV-316A,316B,316C,316D,316E |
| കെട്ടിടത്തിന്റെ തരം | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം |
| പെർമിറ്റ് ആപ്ലിക്കേഷൻ നം. തിയ്യതി | A4-4633/17/27.12.2017 |
| പെർമിറ്റ് നം.തിയ്യതി | A4-BA(12303)/2018/27.12.2017 |
| നമ്പറിംഗ് തിയ്യതി | 02.05.2018 |

(എ) പെർമിറ്റ് നം.A4-BA(12303)/2018/27-12-2017 പ്രകാരം 132.16 ച.മീ. വിസ്തീർണ്ണത്തിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് അനുമതി നൽകിയിരുന്നു. 08.03.2018ന് നമ്പറിംഗിനായി നൽകിയ അപേക്ഷ, കംപ്ലീഷൻ പ്ലാൻ എന്നിവ പ്രകാരം 132.16 ച.മീ. വിസ്തീർണ്ണത്തിൽ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എന്നാൽ നികുതി നിർണ്ണയം നടത്തിയിരിക്കുന്നത് 113.75ച.മീ.ക്ക് മാത്രമാണ്.

(ബി) 23.12.2017 ലെ സീനിയർ ക്ലർക്കിന്റെയും എൽ.എസ്.ജി.ഡി.എഞ്ചിനീയറുടെയും റിപ്പോർട്ട് പ്രകാരം കെട്ടിട നിർമ്മാണം തുടങ്ങിയതിനാൽ റെഗുലറൈസ് ചെയ്ത് പെർമിറ്റ് അനുവദിക്കാം എന്ന് പറയുന്നു. എന്നാൽ റെഗുലറൈസ് ചെയ്യുകയോ റെഗുലറൈസേഷൻ ഫീ ഈടാക്കുകയോ ചെയ്തിട്ടില്ല.
റെഗുലറൈസേഷൻ ഫീ ഈടാക്കി റെഗുലറൈസേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. വസ്തു നികുതി പുനർനിർണ്ണയം നടത്തി കുറവ് വന്ന തുക ഈടാക്കേണ്ടതും ആവശ്യമായ മാറ്റങ്ങൾ രജിസ്റ്ററുകളിലും സോഫ്റ്റ്‌വെയർ ഡാറ്റാകളിലും വരുത്തേണ്ടതാണ്.

(7) യഥാർഥ ഉപയോഗക്രമം കാണിക്കാതെ കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കുന്നു.

2018-19 വർഷത്തെ എഫ് ടി ഇ & ഒ എസ് ലൈസൻസ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്‌വെയർ ഡാറ്റാ എന്നിവ പരിശോധിച്ചപ്പോൾ ചില കെട്ടിടങ്ങൾക്ക് യഥാർഥ ഉപയോഗക്രമം കാണിക്കാതെ കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. (2013) | ഉപയോഗക്രമം സഞ്ചയയിൽ | യഥാർത്ഥ ഉപയോഗക്രമം |
|---|---|---|---|
| 1 | II/362 | പാർപ്പിടാവശ്യം | വാണിജ്യം |
| 2 | I/365-s | no data found | വാണിജ്യം |
| 3 | XI/300 | പാർപ്പിടാവശ്യം | വാണിജ്യം |

പഞ്ചായത്ത് പരിധിയിൽ ഇത്തരത്തിലുള്ള മറ്റ് കെട്ടിടങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കേണ്ടതും യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തി കുറവ് വന്ന തുക ഈടാക്കേണ്ടതും ആവശ്യമായ മാറ്റങ്ങൾ രജിസ്റ്ററുകളിലും സോഫ്റ്റ്‌വെയർ ഡാറ്റാകളിലും നടത്തേണ്ടതാണ്.

(8) പഞ്ചായത്ത് തീരുമാനം ലഭ്യമാക്കിയില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ വരുന്ന സ്വകാര്യ ഹോസ്റ്റലുകൾ, ഹോം സ്റ്റേകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളോടു ചേർന്ന് അവയുടെ ആവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന കാന്റീൻ, ഓഡിറ്റോറിയം എന്നീ വിഭാഗത്തിൽ പെടുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിരക്ക് നിശ്ചയിച്ചു കൊണ്ടുള്ള പഞ്ചായത്ത് തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ ഈ വിഭാഗത്തിലുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയം നടത്തിയതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. പഞ്ചായത്ത് അംഗീകരിച്ച നിരക്കിലാണോ ഈ വിഭാഗത്തിൽ പെട്ട കെട്ടിടങ്ങളുടെ നികുതി നിർണ്ണയം നടത്തിയിരിക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

(9) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന എല്ലാ മൊബൈൽ ടവറുകളിൽ നിന്നും നിലവിൽ വസ്തു നികുതി ഈടാക്കുന്നില്ല. ഇത് സംബന്ധിച്ച് മുൻ റിപ്പോർട്ടുകളിലും പരാമർശമുണ്ട്. നികുതി ഈടാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

# 1-13 തൊഴിൽ നികുതി -അപാകങ്ങൾ

(1) അറുപത് ദിവസത്തിൽ കൂടുതൽ പഞ്ചായത്ത് പ്രദേശത്ത് ജോലി ചെയ്തു് സ്ഥലം മാറിയ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

കേരള പഞ്ചാത്ത് രാജ് നിയമങ്ങളിലെ 204(1) വകുപ്പ് പ്രകാരം ഒരാൾ 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തതിനു ശേഷം സ്ഥലം മാറിപ്പോയ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ നൽകുന്നു.

| | | | | |
|---|---|---|---|---|
| | | | | |

| ക്രമ നം. | ജീവനക്കാരന്റെ പേര് | തൊഴിൽ ചെയ്ത സ്ഥാപനം | സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്ത തീയതി | നികുതി ഈടാക്കേണ്ട വർഷം |
|---|---|---|---|---|
| 1 | സെബാസ്റ്റ്യൻ കെ. ജോസഫ് | കേരള ഗ്രാമീൺ ബാങ്ക്, ഏരുവേശ്ശി | 06.06.2018 | 2018-19 ഒന്നാം അർദ്ധവർഷം |
| 2 | സിജോ ജോൺ | ഫെഡറൽ ബാങ്ക്,ചെമ്പേരി | 21.07.2018 | 2018-19 ഒന്നാം അർദ്ധവർഷം |
| 3 | അഭിലാഷ് വി. | എസ്.ബി.ഐ. ചെമ്പേരി | 11.07.2018 | 2018-19 ഒന്നാം അർദ്ധവർഷം |

സ്ഥലം മാറിപ്പോയ ജീവനക്കാർ അതാത് സ്ഥലങ്ങളിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഒടുക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. നടപടി പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(2) നിയമന അംഗീകാരം കിട്ടാത്ത താഴെ പറയുന്ന അദ്ധ്യാപകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്കൂൾ | പേര് |
|---|---|---|
| 1 | നിർമല. യു.പി.സ്കൂൾ.ചെമ്പേരി | ജോണി ജോസ് |
| 2 | | സോണിയ തോമസ് |
| 3 | | അനുഭാഗ്യ ജോൺ |
| 4 | | ഹണിമോൾ ജോസ് |
| 5 | | ഷീബ അഗസ്റ്റിൻ |
| 6 | | സി.എൽസമ്മ തോമസ് |
| 7 | | സീന പി.ജോസ് |
| 8 | | ബിന്ദു ദേവസ്യ |
| 9 | ഫാത്തിമ യു.പി.സ്കൂൾ.കുടിയാൻമല | ജെസ്സി ജോസ് |
| 10 | | ലതിക ജോൺ കെ. |
| 11 | | പ്രിറ്റി റോസ് ജോൺ |
| 12 | | ബിബിൻ മാത്യൂ |
| 13 | | ജോമോൾ ജോസ് |
| | | |

| | | |
|---|---|---|
| 14 | | ധന്യ സെബാസ്റ്റ്യൻ |
| 15 | സെന്റ്.ജോസഫ്സ് എൽ.പി.സ്കൂൾ.അരീക്കാമല | സി.ലിസ ജെയിംസ് |
| 16 | | സെബിൻ ടോം |
| 17 | | അന്ന റോസ് |
| 18 | നിർമല എച്ച്.എസ്.എസ്.ചെമ്പേരി | ജിന്ന ജോസ് |
| 19 | | ഷിന്റോ മാത്യൂ |
| 20 | മേരി ക്യൂൻസ് എച്ച്.എസ്. കുടിയാൻമല | സി.ഷിജി മാത്യൂ |

അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മുൻകാല പ്രാബല്യത്തോടെ നികുതി ഈടാക്കേണ്ടതാണ്.

(3) <u>തൊഴിൽ നികുതി ഈടാക്കിയില്ല</u>

(എ) താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാർ | കാലയളവ് |
|---|---|---|---|
| 1 | കെ.എസ്.ഇ.ബി.ചെമ്പേരി | രഘൂത്തമൻ.കെ. | 2018-19 രണ്ടാം അർദ്ധ വർഷം |
| 2 | | മനോജ് പി.എം. | 2018-19 രണ്ടാം അർദ്ധ വർഷം |
| 3 | കുടിയാൻമല പോലീസ് സ്റ്റേഷൻ | ശ്രീജേഷ്.വി.വി. | 2018-19 രണ്ടാം അർദ്ധ വർഷം |
| 4 | ജില്ലാ സഹകരണ ബാങ്ക്, ചെമ്പേരി. | മുസ്തഫ പി.സി. | 2018-19 രണ്ടാം അർദ്ധ വർഷം |
| 5 | കാരുണ്യാശ്രമം,പൈതൽ മല | മുഴുവൻ ജീവനക്കാരും | 2018-19 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ (എഫ് ടി ഇ & ഒ എസ് ലൈസൻസ് അപേക്ഷ പ്രകാരം 2 ജീവനക്കാർ) |
| 6 | പൊട്ടംപ്ലാവ് ക്ഷീരോത്പാദക സഹകരണ സംഘം | മുഴുവൻ ജീവനക്കാരും | 2018-19 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 7 | കുടിയാൻമല ക്ഷീരോത്പാദക സഹകരണ സംഘം | മുഴുവൻ ജീവനക്കാരും | 2018-19 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| | | | |

| | | | |
|---|---|---|---|
| 8 | പയസ് മൗണ്ട് ക്ഷീരോത്പാദക സഹകരണ സംഘം | മുഴുവൻ ജീവനക്കാരും | 2018-19 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 9 | മുയിപ്ര ക്ഷീരോത്പാദക സഹകരണ സംഘം | മുഴുവൻ ജീവനക്കാരും | 2018-19 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 10 | വലിയ അരീക്കമല ക്ഷീരോത്പാദക സഹകരണ സംഘം | മുഴുവൻ ജീവനക്കാരും | 2018-19 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 11 | കുനിയം പുഴ ക്ഷീരോത്പാദക സഹകരണ സംഘം | മുഴുവൻ ജീവനക്കാരും | 2018-19 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |

മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.
(ബി) പഞ്ചായത്തിലെ വിവിധ അംഗൻവാടികളിലെ വർക്കർമാർ, ഹെൽപർമാർ, പാലിയേറ്റീവ് കെയർ വാഹനത്തിന്റെ ഡ്രൈവർ, പഞ്ചായത്ത് വാഹനത്തിന്റെ ഡ്രൈവർ, പാലിയേറ്റീവ് കെയർ നേഴ്സ്, പഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങൾ, പൊതുവിതരണ കേന്ദ്രങ്ങൾ, ഡ്രൈവിംഗ് സ്കൂളുകൾ എന്നിവയിലെ ജീവനക്കാർ മുതലായവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ബി പ്രകാരം സെക്രട്ടറിക്ക് നോട്ടീസ് മൂലം, ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും, ഹോട്ടലിന്റെയോ, ബോർഡിംഗിന്റെയോ, ലോഡ്ജിംഗ് ഹൗസിന്റെയോ, ക്ലബ്ബിന്റെയോ താമസത്തിനുള്ള മുറികളുടെയോ ഏതൊരു നടത്തിപ്പുകാരനോടും അല്ലെങ്കിൽ മാനേജരോടും ആ കെട്ടിടമോ, ഭൂമിയോ, ഹോട്ടലോ, ബോർഡിംഗോ, ലോഡ്ജിംഗ് ഹൗസോ, ക്ലബ്ബോ, താമസത്തിനുള്ള മുറികളോ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങനെയുള്ള ഏതൊരാളുടെയും തൊഴിലിനെയോ കലയേയോ ഉദ്യോഗത്തെയോ സംബന്ധിച്ചും അയാൾ വാടക ഏന്തെങ്കിലും കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വയ്ക്കുന്ന കാലത്തെ സംബന്ധിച്ചും വിവരിച്ചു കൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്. ഏരുവേശ്ശി ഗ്രാമ പഞ്ചായത്തിൽ ഇത്തരത്തിൽ ഒരു ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടില്ല. നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നികുതി വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.

## 1-14 എഫ് ടി ഇ & ഒ എസ് ലൈസൻസ്-അപാകങ്ങൾ

(1) ജി.ഒ.(പി) 80/2017/LSGD തി.31.10.2017 പ്രകാരം എഫ് ടി ഇ & ഒ എസ് ലൈസൻസ് അപേക്ഷകൾക്ക് ലൈസൻസ് ഫീ നിശ്ചയിക്കേണ്ടത് മൂലധനത്തിന്റെ അടിസ്ഥാനത്തിലാണ്. ഏരുവേശ്ശി ഗ്രാമ പഞ്ചായത്തിന്റെ 07.03.2018ലെ 17/1 തീരുമാന പ്രകാരം ഉല്പാദന, സേവന മേഖലകളിൽ മൂലധനത്തിന്റെ വിവിധ സ്ലാബുകൾക്കായി ലൈസൻസ് ഫീ നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 2018-19 വർഷം എഫ് ടി ഇ & ഒ എസ് ലൈസൻസിനായി നൽകിയ അപേക്ഷകളിൽ മൂലധനത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ അന്വേഷണ റിപ്പോർട്ടിലോ തുടർന്നോ സ്ഥാപനത്തിന്റെ മൂലധനം എത്ര എന്ന് വ്യക്തമാക്കുന്നില്ല. മേൽപ്പറഞ്ഞ സാഹചര്യത്തിൽ ലൈസൻസ് ഫീ കാണക്കാക്കിയത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.3/18-19 തി.10.01.2020) മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ കണക്കാക്കിയത് എന്നും അന്വേഷണ റിപ്പോർട്ടിൽ ചേർക്കാൻ വിട്ടു പോയതാണ് എന്നും മറുപടി ലഭ്യമാക്കി. ഇത്തരത്തിലുള്ള പിഴവുകൾ ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>(2) ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്</u>

2018-19 വർഷം എഫ് ടി ഇ & ഒ എസ് ലൈസൻസിനായി നൽകിയ അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ടിൽ ശുപാർശ ചെയ്ത ലൈസൻസ് ഫീസിനേക്കാൾ കുറഞ്ഞ നിരക്കിലാണ് ഫീസ് ഈടാക്കിയത്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | രജിസ്റ്ററിലെ ക്രമ നം. | അപേക്ഷകൻ | വാർഡ്/ കെട്ടിട നം. | ആവശ്യം | ശുപാർശ പ്രകാരമുള്ള ലൈസൻസ് ഫീ. | ഈടാക്കിയ ലൈസൻസ് ഫീ. രസീത് നം. തിയ്യതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | 164 | പയസ് കെ.വി | IX/910 | ഹോട്ടൽ | 500 | 200 117060105579 01-03-2018 | 300 |
| 2 | 181 | ജോസ് അഗസ്റ്റിൻ | IX/957 | സ്റ്റേഷനറി | 500 | 200 117060105575 01-03-2018 | 300 |
| 3 | 186 | ഐസക് മണിമല | IX/636,637,638, | ഫാൻസി ഫുട്ട്‌വെയർ | 500 | 300 117060105583 01-03-2018 | 200 |
| 4 | 187 | തോമസ് | IX/643 | വാച്ച് സെയ്ൽസ്, | 500 | 300 | 200 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | തുണ്ടത്തിൽ | | റിപ്പയർ | | 92988100008<br>01-03-2018 | |
| 5 | 263 | തോമസ് പി.കെ. | IX/988 | സ്റ്റേഷനറി | 500 | 200<br>117060105634<br>01-03-2018 | 300 |
| 6 | 267 | ബിനോയി അലക്സ് | IX/640 | ഇലക്ട്രിക്കൽ, പ്ലംബിങ്ങ് | 500 | 300<br>117060105588<br>01-03-2018 | 200 |
| 7 | 291 | ബിജു ജോസഫ് | IX/1023,1024,1025 | സ്റ്റേഷനറി,ഹാർഡ് വെയർ | 1000 | 500<br>117060105875<br>03-03-2018 | 500 |
| ആകെ | | | | | | | 2,000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.3/18-19 തി.10.01.2020) കുറഞ്ഞു പോയ തുക ഈടാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് അറിയിപ്പ് നൽകിയിട്ടുണ്ട് എന്നും തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. നടപടി പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-15 രജിസ്ട്രേഷൻ ഇല്ലാതെ സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിക്കുന്നു.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം-3 പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിലെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ല. എന്നാൽ പഞ്ചായത്തിൽ നിന്നും എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്ത താഴെ പറയുന്ന സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | അപേക്ഷകൻ/സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം./ തിയ്യതി |
|---|---|---|---|
| 1 | I/42B | ഫാ.ജോർജ്ജ് കെ.കുരുവിള<br>കാരുണ്യാശ്രമം ആയുർവേദ ക്ലിനിക്ക്, പൈതൽമല | 313/ലഭ്യമല്ല. |
| 2 | IX/583L | ദീപ മരിയ | 301/27-06-2018 |

| | | | |
|---|---|---|---|
| | | സ്നോവൈറ്റ് ഡെന്റൽ കെയർ | |
| 3 | VI/394B | മിനി സജി<br>അമല മെഡിക്കൽ ലാബ് | 240/23-05-2018 |
| 4 | I/35,36 | ഡോ.സുരേഷ്<br>മെഡിക്കൽ മിഷൻ ക്ലിനിക്ക് | 223/23-05-2018 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.5/18-19 തിയ്യതി 10.01.2020) രജിസ്ട്രേഷൻ നടത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പറഞ്ഞ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുള്ള നടപടികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-16 കശുമാവ് വിതരണം പദ്ധതി:-അപാകങ്ങൾ 2,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നം., പേര് | 107/19 കശുമാവ് വിതരണം |
| അടങ്കൽ | 3,43,030/- രൂപ (വികസന ഫണ്ട് ജനറൽ) |
| ചെലവ് 3,43,030/- രൂപ | (1) ബിൽ നം.2/18-19/18.09.2018. 3,30,000/- രൂപ<br>Amount Transfer credited to the Beneficiary (Ms. Aralam Farming corporation) Bank A/C No. SBIN0070647//57048668404- on 18.09.2018<br>(2) ബിൽ നം.3/18-19/05.12.2018. 13,030/- രൂപ<br>Amount Transfer credited to the Beneficiary (Ms. Aralam Farming corporation) Bank A/C No. SBIN0070647//57048668404 -on 05.12.2018. |
| ഇൻവോയ്സ് നമ്പർ തീയതി | 11/11.10.2018 |

കശുമാവ് വിതരണം എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മേൽപ്പറഞ്ഞ ബിൽ പ്രകാരം വികസന ഫണ്ടിൽ നിന്നും തുക 3,43,030/- രൂപ പിൻവലിച്ച്, 50/- രൂപ നിരക്കിൽ 6600 ഗ്രാഫ്റ്റ് കശുമാവിൻ തൈകളുടെ വിലയായി ആറളം ഫാമിംഗ്

കോർപ്പറേഷനിൽ ഒടുക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

